# വൈലോപ്പിള്ളി കവിതകളിലൂടെ - ഊഞ്ഞാലിൽ

''തുടുവെള്ളാമ്പൽ പൊയ്കയല്ല ജീവിതത്തിന്റെ -

കടലേകവിതയ്ക്കു ഞങ്ങൾക്കുമഷിപാത്രം.''

ഈ വരികളിലൂടെ വൈലോപ്പിള്ളിക്കവിതയിലേക്ക് പെട്ടെന്ന് പ്രവേശിക്കാനാകും. ജീവിതം ദുഃഖം നിറഞ്ഞതെങ്കിലും നിസംഗതയും നിഷ്ക്രിയതയും കവിയെ ബാധിക്കുന്നില്ല. മൃത്യുചിന്തയിൽ നിന്നുറവയെടുക്കുന്ന വിഷാദം തെല്ലുമില്ല. ജീവിതത്തിന്റെ വിഷമപദപ്രശ്നങ്ങളും സമസ്യകൾക്കുമുള്ള ഉത്തരംതേടൽ മാത്രമല്ല നേടൽ കൂടിയാണ് ജീവിതമെന്ന വലിയ അറിവിലേയ്ക്ക് വൈലോപ്പിള്ളി നമ്മെകൂട്ടിക്കൊണ്ടുപോകുന്നു. മനുഷ്യജീവിതത്തിൽ വേരോടിച്ചു നിൽക്കുന്ന വൈലോപ്പിള്ളി കവിത ജീവിതത്തിന്റെ അജയ്യതയെ അരക്കിട്ടുറപ്പിക്കുന്നു.

ഊഞ്ഞാലിൽ എന്ന കവിതയിലെ വൃദ്ധന്റെ ചിന്തകളിലൂടെയാണ് നാം കവിതയിലേയ്ക്ക് പ്രവേശിക്കുന്നത്. ഭാര്യയോടുള്ള അയാളുടെ സ്നേഹമസൃണമായ ആവശ്യം ഒരുവെറ്റിലയിൽ നി നൂറ് തേച്ച് തരുക എന്നതാണ്. കാരണം തിരുവാതിര രാവ് താംബൂലപ്രിയയാണ്. ധനുമാസ തിരുവാതിര രാവിലേയ്ക്ക് കടക്കാനുള്ള കവാടമാണ് ആദ്യവരികൾ. ഭഗവാന' 108 വെറ്റില നേദിച്ച് ഭർത്താവും ഭാര്യയും തിരുവാതിര നാളിൽ കഴിച്ച് തീർക്കുന്ന ഇരവ് പകലാക്കുന്ന ചടങ്ങിലേയ്ക്കുള്ള സൂചനകൂടിയാണിത്. മഞ്ഞ് വീണ പരിസരം, തണുപ്പ്, പക്ഷേ ഭൂമി ആഹ്ലാദവതിയാണെന്ന് അയാൾ ഓർമ്മിപ്പിക്കുന്നു. ഏത് പ്രതികൂലങ്ങളേയും മറികടക്കാനുള്ള പ്രകൃതിയുടെ വിരുതാണ് കാണാനാവുന്നത്. ഇത് നമുക്കുള്ള പാഠമാണ്. കാലത്തിന' കീഴ്പ്പെട്ട് പോകോണ്ടവരല്ല നാം. നരബാധിച്ചിരിക്കാം. പക്ഷേ, മനസ്സിനെ നമുക്ക് തിരിച്ചുപിടിക്കാനാകണം. നമുക്കുമീ ആഹ്ലാദത്തിൽ പങ്കുചേരാം. മാമ്പൂവിന്റെ മണംപേറുന്ന കാറ്റ് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത് വസന്തത്തിലേയ്ക്കാണ്. കൊഴിഞ്ഞുപോയതായി നാം കരുതിയ ജീവിതാഹ്ലാദങ്ങളിലേക്കാണ് നാം ഇപ്പോൾ ഇറങ്ങിച്ചെല്ലുന്നത്.

മുപ്പത്കൊല്ലം മുമ്പുള്ള തിരുവാതിരയിലേയ്ക്ക് ഭർത്താവ് ഭാര്യയെ എത്തിക്കാനാഗ്രഹിക്കുന്നു. അയാൾ തുടരുകയാണ്. അന്ന് നി മറ്റൊരു പൊന്നാതിരയാ

യിരുന്നു. തിരുവാതിര രാവിൽ തൂമഞ്ഞുവീണ അന്തരീക്ഷത്തിൽ മുറ്റത്തെ മാവിൻചോട്ടിൽ ഊഞ്ഞാലാടിയത് അയാൾ ഓർമ്മിപ്പിക്കുന്നു. ആ ഓർമ്മകളി ലേയ്ക്ക് നീ തിരിച്ചുവരുക, ആ പഴയ മാവ് ഇന്ന് മുതുമാവായിരിക്കുന്നു. നമ്മെ പ്പോലെ ആതിരരാവിന്റെ വരവറിയിച്ച് ഇതാ ആ മുതുമാവ് പൂവിട്ടിരിക്കുന്നു. കൊച്ചുമകന്റെ ബാല്യകാലകൗതുകം അതിൽ ഒരു ഊഞ്ഞാലുമിട്ടിരിക്കുന്നു. അവ നിന്നു നേരത്തെ ഉറങ്ങിയിരിക്കാം. അവൻ ഉറങ്ങിക്കൊള്ളട്ടെ ചിന്തയുടെ പാരവശ്യ ങ്ങളേതുമില്ലാതെ തന്നെ. കുഞ്ഞിനെ മദിപ്പിക്കുന്നത് മാങ്കനിയാണ്. മാമ്പൂവിന്റെ ഗന്ധമല്ല. അവന് ആ ഗന്ധം നുകരണമെങ്കിൽ ഇനിയും കാലമേറെ ചെല്ലേണ്ടതു ണ്ട്. മാമ്പൂവിന്റേത് മദിപ്പിക്കുന്ന ഗന്ധമാണ്. അത് കാമോദ്ദീപകമാണ്.

നമ്മുക്ക് വരികളിലേയ്ക്ക് മടങ്ങിവരാം. മാമ്പൂവിന്റെ നിശ്വാസമേറ്റ് ഓർമ്മകൾ മുരളുകയാണ്. മാങ്കനിയിൽ നിന്ന് മാമ്പൂവിലേക്കാണീ ദമ്പതികൾ മടക്ക യാത്ര നടത്തുന്നത്. പഴയകാലത്തേപ്പോലെ ഭാര്യയെ ഒരിക്കൽകൂടി ഊഞ്ഞാലാ ടാൻ അയാൾകൊതിക്കുന്നു. അവളുടെ ഉദരത്തിൽ സ്പർശിച്ചുകൊണ്ടുള്ളതാ കണം ആ ഊഞ്ഞാലാട്ടൽ. അവളുടെ മനോഹരമായ മന്ദസ്മിതം യൗവനത്തിന്റെ ഓർമ്മപ്പെടുത്തലായി ഭർത്താവിൽ നിറയുന്നു. യൗവനകാലത്തിന്റെ മധുരസ്മരണ കളിലേയ്ക്കാണ് നായകൻ നായികയെ ക്ഷണിക്കുന്നത്. നഗരത്തിൽ നല്ല കുടുംബ നാഥയായി കഴിയുന്ന മകളേപ്പറ്റി അയാൾ ഈ വേളയിൽ ചിന്തിക്കുന്നു. നഗരവും ഗ്രാമവും തമ്മിലുള്ള വ്യത്യാസങ്ങൾ ഇവിടെ സൂചിതമാക്കുന്നു. സന്തോഷത്തിന്റെ പ്രതീക്ഷകളുടേത് കൂടിയാണ് ഗ്രാമം. ഇവിടെ പാഴ്മഞ്ഞുണ്ടാകാം വിശപ്പുണ്ടാ കാം. അവയെല്ലാം ഗ്രാമീണരുടെ ജീവിതഗാനത്തിൽ അലിഞ്ഞുപോകാൻ പര്യാ പ്തമാണ്. പാവങ്ങളായ അയൽപക്കത്തെ സ്ത്രീകൾ തിരുവാതിര രാവിൽ പാടുന്ന ഗാനം നീകേൾക്കുന്നില്ലേയെന്ന ഭർത്താവ് ചോദിക്കുന്നു.

ദാരിദ്രവും അരക്ഷിതാവസ്ഥയും രണ്ടാംലോകമഹായുദ്ധത്തിന്റെ ബാക്കിപ ത്രങ്ങളായി മാറിയകാലത്ത് നിരാശയും മോഹഭംഗങ്ങളും വ്യക്തിയെ ചൂഴ്ന്ന് നിൽക്കുന്ന കാലയളവിൽ രചിക്കപ്പെട്ടതാണീ കവിത. മാനസികമായി അകാല വാർദ്ധക്യത്തിലേക്ക് ചുഴറ്റിയെറിയപ്പെട്ട മനുഷ്യന്റെ പ്രതിരോധമാണിവിടെ കാണാ നാകുന്നത്. ആതിരരാവ് ഉല്ലാസകരമായ പഴയദിനങ്ങളാണ്. അത്തരം വസന്ത ത്തിലേക്ക് തിരിച്ചുപോയി മനസ്സിന്റെ ജഢതയെ കുടഞ്ഞെറിയാനാണ് നായകൻ ആഗ്രഹിക്കുന്നത്. ഇവിടെ ആകാശത്ത് ഇരമ്പിപായുന്ന പോർവിമാനങ്ങളുണ്ട്. അതേ ആകാശത്ത് തന്നെയാണ് തിരുവാതിര നക്ഷത്രം വെളിച്ചം വിതറി നിലകൊ

ളളുന്നത്. മനുഷ്യർ പരസ്പരം സ്നേഹിക്കുന്ന കലഹങ്ങളില്ലാത്ത ഒരു കാലം വരികതന്നെ ചെയ്യും. ജീവന്റെ കൊലകുടുക്കാകാൻ കയറിനു കഴിയും അതേ കയറിന' തന്നെ ഉല്ലാസമേകാൻ കഴിയുന്ന ഊഞ്ഞാലാകാനുമാകും.

ആ പഴയതിരുവാതിരപ്പാട്ട് നി പാടുക. നിന്റെ ഗാനം ഒരിക്കൽ എന്റെ കരളിന' ആനന്ദം പകർന്നിരുന്നു. ഊഞ്ഞാൽ വളളിയുടെ ചലനത്തിന' ഒപ്പിച്ച് നിന്റെ പാട്ടിന്റെ ഈരടികൾ എന്റെ മനസ്സിൽ ഓളങ്ങൾ സൃഷ്ടിക്കവേ ഒന്ന് ഞാൻ തിരിച്ചറിയുന്നു. നി നരബാധിച്ച വൃദ്ധയല്ല മറിച്ച് കണ്വമുനിയുടെ കന്യകയായെനിക്ക് തോന്നുന്നു. ഈ പരിസരമാകെ മാറുകയാണ്. മാലിനിനദീതീരവും അവിടെ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശവും പൂത്ത് നിൽക്കുന്ന വനജ്യോത്സനയും ദീർഘാപാംഗനെന്ന മാൻകുട്ടിയേയുമാണ് ഞാൻ കാണുന്നത്.

നമുക്ക് ഈ ജീവിതത്തെ സനേഹിക്കാൻ പഠിക്കാം. ഈ തിരുവാതിര മാഞ്ഞുപോകുവാനുളള തിടുക്കത്തിലാണ്. ജീവിതത്തിന്റെ തിരക്കിലേയ്ക്ക് നാം പഴയപടി വീണുപോയേക്കാം. പക്ഷേ, ജീവിത്തിലെ ചില നിമിഷങ്ങൾ ഏറേ വിലപിടിച്ചതാണ്. ആയതിനാൽ നമുക്ക് അസുലഭമായ ഈ നിമിഷത്തിൽ ജീവിക്കാം. ജീവിതഗാനം നിറയുന്ന പാട്ടു നി പാടി നിർത്തുക.

ദാമ്പത്യജീവിത്തിലെ ഭദ്രതയും പൊരുത്തവും ദൃഢതയും ലയവും ഊട്ടിഉറപ്പിക്കുകയാണ് ഈ കവിതയിൽ. കവിയുടെ ജീവിതം പൊരുത്തക്കേടുകളുടേത് കൂടിയായിരുന്നതിനാൽ ഊഞ്ഞാലിൽ എന്ന കവിത മുന്നോട്ട് വയ്ക്കുന്ന പ്രസാദാത്മകമായ വീക്ഷണം പഠനവിധേയമാകേണ്ടതുണ്ട്. 'കാശിത്തുമ്പകൾ' എന്ന കവിതയിലെ വരികൾ നോക്കുക.

'ഞെരുക്കിയുടച്ചല്ലോ നിന്നെ ഞാൻ വിണ്ടും വീണ്ടും

പരുഷവിചാരത്താൽ വാക്കിനാൽ, പ്രവർത്തിയാൽ'

കെട്ടുതാലിയിൽ ബന്ധിക്കുമ്പോഴും കലഹിച്ച് വാക്കുകളാൽ പ്രവർത്തിയാൽ മുറുവേൽപ്പിക്കുന്നവരുടേത് കൂടിയാണ് ദാമ്പത്യം. എന്നിങ്ങനെ പോകുന്നു കവിയുടെ മനോവിചാരങ്ങൾ. നമുക്ക് കണ്ണീർപാടം എന്ന കവിതയിലേക്ക് പോകാം. ദാമ്പത്യജീവിത്തിന്റെ പൊരുത്തക്കേടുകളിലൂടെയാണ് കണ്ണീർപാടം വളർന്ന് വികസിക്കുന്നത്. വിസ്തരിച്ചുളള ഒരുക്കംമൂലം ക്ഷേത്രദർശനത്തിനായി ബസ്സ് കിട്ടാതെ പോയ

തിനാൽ ചളി നിറഞ്ഞ വർഷപാടം എളുപ്പവഴിയായി തിരഞ്ഞെടുക്കുന്ന ദമ്പതിമാരെ കാത്തിരിക്കുന്ന ദുരിതങ്ങളിലേക്കാണ് നാം ചെന്നെത്തുന്നത്.

'വേഷം വിസ്തരിച്ചതുപോരും അമ്പലത്തിലേക്കല്ലേ'

എന്ന നായകന്റെ ചോദ്യത്തിൽ അസംതൃപ്തിയും ദാമ്പത്യജീവിത്തിന്റെ പൊരുത്തമില്ലായ്മയും ഉള്ളടങ്ങിയിരിക്കുന്നു. മുൾക്കാടായി മാറിയ ദാമ്പത്യത്തെ നാം കാണുന്നു. ഒലിച്ചുപോയമരപ്പാലം അവരുടെ യാത്രയെ തടസ്സപ്പെടുത്തവേ പരസ്പരം കടുത്തവാക്കുകളിലൂടെ മുറിവേല്പിക്കാനാരംഭിക്കുന്ന ദമ്പതിമാരെ വരമ്പിലെ ഞണ്ടുകൾ പോലും ഇറുക്കാൻ മടിക്കുന്നുണ്ട്.

ആശയപരമായി ഇരുധ്രുവങ്ങളിലലയുന്ന ദമ്പതിമാർ ദാമ്പത്യം തുടർന്നുകൊണ്ടുപോകാൻ പക്ഷേ അനവരതം ശ്രമിക്കുന്നുണ്ട്. പരസ്പരം ചെളിവാരയെറിയുന്നതിൽ മൽസരിക്കുന്ന അവർ ദാമ്പത്യത്തിലെ നിയമം നിറവേറ്റാനുള്ള അഭിനയത്തിലാണ്.

കവി വാക്യങ്ങൾ നോക്കുക.

'നിയമം നിറവേറ്റലെത്രയിദാമ്പത്യത്തിൽ

നയമെത്രയാണഭിനയമെത്രയാണെന്നോ'

ജീവിതത്തിന്റെ വിഷമ പദപ്രശ്നം പൂരിപ്പിക്കാനാകാതെ ഉഴലുന്ന വേളയിൽ ആത്മനിന്ദയുടേതായ വാക്കുകൾ പുറപ്പെടുന്നുണ്ട്.

'പിറക്കാതിരുന്നെങ്കിൽപാരിൽ നാം സ്നേഹിക്കുവാൻ

വെറുക്കാൻ തമ്മിൽ കണ്ടുമുട്ടാതെയിരുന്നെങ്കിൽ'

മഹാനദിയല്ല ഇവർക്കു കടക്കേണ്ടിയിരുന്നത്. ഒരു കൊച്ചുകൈത്തോട് മാത്രമായിരുന്നു. പരസ്പരം പൊരുതുന്നവരും മാനസിക ഐക്യമില്ലാത്തവരുമെങ്ങനെയാണ് ഈ കൈതോടുപോലും മറികടക്കുക. ഈ വേളയിലാണ് നിഷ്പ്രയാസം കൈതോടുമറികടക്കുന്ന ഗ്രാമീണദമ്പതിമാരെ കാണുന്നത്. ജീവിതത്തിന്റെ വലിയപാഠങ്ങളാണ് ദമ്പതിമാർ കാട്ടിത്തന്നത്. ദാമ്പത്യജീവിതത്തിന്റെ താളം വീണ്ടെടുക്കുവാൻ കൊതിക്കുന്ന വൃദ്ധമനസ്സ് നാം 'ഊഞ്ഞാലിൽ' കണ്ടുമുട്ടുന്നു.